പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4780 — 29.06.2012 ൽ മറുപടിയ്ക്ക്

## അഗതി-അശരണ കേന്ദ്രങ്ങൾക്ക് സഹായം

ചോദ്യം

ശ്രീ. കെ. രാജു

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങൾക്കും വികലാംഗർക്കുമായി നിലവിൽ എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | <u>വയോജനങ്ങൾക്കു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u><br>1. വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി വയോജന നയം അംഗീകരിച്ചിട്ടുണ്ട്.<br><br>2. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിരക്ഷയ്ക്കായി ഓരോ സബ് ഡിവിഷനിലും ആർ.ഡി.ഒ. മാരുടെ അദ്ധ്യക്ഷതയിൽ മെയിന്റനൻസ് ട്രിബ്യൂണലുകൾ സ്ഥാപിക്കുകയും ഓരോ ജില്ലയിലും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. സാമൂഹ്യക്ഷേമ വകുപ്പിലെ 15 വൃദ്ധമന്ദിരങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിനായി പ്രതിമാസം 750/- രൂപയും മരുന്നിന് 300/- രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000/- രൂപയും അനുവദിച്ചു വരുന്നു.<br><br>4. സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br><br>5. വയോജനങ്ങൾക്ക് 400/-രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു. ഇതു വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | 6. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനു വയോമിത്രം പദ്ധതി നടപ്പിലാക്കു വരുന്നു.<br><br>7. വയോജനങ്ങൾക്കായുള്ള വൃദ്ധ സദനങ്ങൾ, മൊബൈൽ മെഡി കെയർ യൂണിറ്റ് എന്നിവ നടത്തുന്നതിനും വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്.<br><br>8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആരംഭിക്കുന്ന വയോജനങ്ങൾക്കായുള്ള മന്ദിരങ്ങൾ/പകൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>9. അങ്കണവാടികൾ വഴി വൃദ്ധജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>വികലാംഗർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ<br>1. ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.<br><br>2. അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായം നൽകി വരുന്നു.<br><br>3. ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നു.<br><br>4. സന്നദ്ധ സംഘടനകൾ നൽകുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | 5. ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്നവർക്ക് 'ആശ്വാസ കിരണം' പദ്ധതി മുഖേന ധനസഹായം നൽകി വരുന്നു.<br><br>6. അംഗീകൃത അനാഥാലയം/ സ്പെഷ്യൽ സ്ക്കൂൾ എന്നിവയിലെ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി 'കാരുണ്യ നിക്ഷേപ പദ്ധതി' നടപ്പിലാക്കി വരുന്നു.<br><br>7. വികലാംഗ തിരിച്ചറിയൽ കാർഡ്<br><br>8. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാ ധനസഹായം നൽകിവരുന്നു.<br><br>9. ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലു വിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകി വരുന്നു.<br><br>10. ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള സഹായം നൽകി വരുന്നു.<br>11. പതിനാറ് വയസ്സിനുമേൽ പ്രായമുള്ള വികലാംഗരായ യുവജനങ്ങൾക്ക് ബുക്ക് ബയന്റിംഗ്, ടെയ്ലറിംഗ്, എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്നു. |
| ബി | വിശ്വാസ്യതയുള്ളതും സ്വകാര്യ വ്യക്തികളും ട്രസ്റ്റുകളും നടത്തുന്നതുമായ അഗതി, അശരണ കേന്ദ്രങ്ങൾക്ക് നിലവിൽ എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിഗണനയിലുണ്ടോ? | ബി | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധമന്ദിരങ്ങൾക്കും അനാഥാലയങ്ങൾ, മറ്റ് അഗതി, അശരണ കേന്ദ്രങ്ങൾക്കും സഹായം നൽകി വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ